Mangalam
Beta

# കോളേജ് അധ്യാപകരുടെ കഴിവുകൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം: ഡോ. എം. അബ്ദുൽ സലാം

Story Dated: Thursday, January 10, 2013 12:36

കോളേജ് അധ്യാപകരുടെ കഴിവുകൾ വർധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും അധ്യാപകർ ഭംഗിയായി പഠിപ്പിക്കാനും വിദ്യാർഥികളുമായി നല്ല രീതിയിൽ ആശയവിനിമയം നടത്താനും ശ്രമിക്കണമെന്നും കാലിക്കറ്റ് സർവകലാശാല വൈസ്-ചാൻസിലർ ഡോ. എം. അബ്ദുൽ സലാം അഭിപ്രായപ്പെട്ടു. അമൃത സർവകലാശാലയുടെ ഇ-ലീർനിംഗ് സോഫ്റ്റ്‌വെയറായ എ-വ്യൂ വഴി നാഷണൽ വീക്കിലി ഡിസ്കഷൻ പ്രോഗ്രാമിൽ ജനുവരി 9 ന് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഡിജിറ്റൽ ക്യാമ്പസ് സൃഷ്ടിക്കണമെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സാങ്കേതിക വിദ്യ ഉപയോഗിച്ച് കൂടുതൽ ഡിജിറ്റൽ കാമ്പസുകൾ സൃഷ്ടിക്കണമെന്നും വിദ്യാർത്ഥികളുടെ ഉന്നമനത്തിനു വേണ്ടി ഡിജിറ്റൽ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തണമെന്നും അബ്ദുൽ സലാം പറഞ്ഞു.

ഗവേഷണത്തിന് ഊന്നൽ നൽകണം. "മികച്ച പാഠ്യപദ്ധതി തയാറാക്കുന്നതിന് സർവ്വകലാശാലയുടെ പഠന ഗവേഷണ വിഭാഗം വ്യവസായ സ്ഥാപങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുനത് നല്ലതാണ്. ഇന്ത്യയിലെ പല സർവകലാശാലകളും എൻജിനീയറിങ് പോലുള്ള പ്രൊഫഷണൽ കോഴ്സുകളുടെ പാഠ്യപദ്ധതി തയാറാക്കുന്നതിന് വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുണ്ട്. പാഠ്യപദ്ധതി ഇന്നത്തെ വ്യവസായത്തിന്റെ ആവ്യശ്യങ്ങൾക്ക് അനുസരിച്ച വേണം തയ്യാറാക്കാൻ . കാലിക്കറ്റ് സർവകലാശാല പാഠ്യപദ്ധതി മാറ്റിക്കൊണ്ടിരിക്കുകയാണ്. ആധുനിക സംവിധാനങ്ങളോട് കൂടിയ പുതിയ ഗവേഷണ സെന്റുകളും ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിദ്യാർഥികൾക്ക് ചോദ്യം ചോദ്യക്കാനുള്ള അവസരവും ഉണ്ടായിരുന്നു. ഐ ബി എസ് ഹൈദരാബാദ്, എൻ ഐ ടി സുരറ്റ്കൽ , എൻ ഐ ടി വാർനഗൽ , പോണ്ടിചേരി സർവകലാശാല തുടങ്ങിയ 60 ഓളം പ്രമുഖ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓൺലൈൻ ക്ലാസ്സിൽ പങ്കെടുത്തു.